(ഡി) ആദ്യഘട്ടമായ ഒന്നാംനിലയുടെ മതിപ്പ് ചെലവ് ഒരുകോടി പന്ത്രണ്ടുലക്ഷം രൂപയാണ്.

(ഇ) കടമുറികൾ ലേലം ചെയ്ത് കരാർ ഉറപ്പിക്കുന്നവരിൽ നിന്നും പലിശ രഹിത സെക്യൂരിറ്റി ഡെപ്പോസിറ്റുകളായി തുക സമാഹരിക്കുവാനാണ് നിശ്ചയിച്ചിട്ടുള്ളത്.

62 (3387) കെ.എസ്.ആർ.ടി.സി.യുടെ ഷോപ്പിംഗ് കോംപ്ലക്സുകൾ

ശ്രീ. സത്യൻ മൊകേരി :
ശ്രീ. യു.എസ്. ശശി :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. പി.എസ്. സുപാൽ : താഴെക്കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സുകൾ പണിയുന്നതിനാവശ്യമായ പണം എങ്ങനെ സ്വരൂപിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

നിർദ്ദിഷ്ട ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ ലേലം ചെയ്ത് പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റുകളായി പണം സമാഹരിച്ച് നിർമ്മാണം പൂർത്തിയാക്കുവാനാണുദ്ദേശിക്കുന്നത്.

63 (3388) എം.എൽ.എ. നിർദ്ദേശിക്കുന്ന റൂട്ടിൽ ബസ്സ് സർവീസ്

ശ്രീ. എം.പി. വർഗ്ഗീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു എം.എൽ.എ.യ്ക്ക് ഒരു മണ്ഡലത്തിൽ നിർദ്ദേശിക്കുന്ന റൂട്ടിൽ ഒരു ബസ്സ് സർവ്വീസ് ആരംഭിക്കും എന്ന് നിയമസഭയിൽ പറഞ്ഞിരുന്ന കാര്യം കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടെ പ്രസ്തുത ബസ്സ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) കുന്നത്തുനാട് എം.എൽ.എ. ആവശ്യപ്പെട്ടപ്രകാരം പ്രസ്തുത മണ്ഡലത്തിൽ ബസ്സ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

64 (3389) പുതിയ ബസ്സ് സർവ്വീസ്

ശ്രീ. സി. മൊയിൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ല കളിലെ ഏതൊക്കെ നിയോജകമണ്ഡലങ്ങളിൽ എം.എൽ.എ.മാരുടെ നിർദ്ദേ ശപ്രകാരമുള്ള പുതിയ ബസ്സ് സർവ്വീസുകൾ ആരംഭിച്ചുവെന്ന് അറിയി ക്കുമോ;

(ബി) കൊടുവള്ളി നിയോജക മണ്ഡലത്തിലേയ്ക്കുള്ള സർവ്വീസ് ഇനിയും ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഈ ബസ്സ് സർവ്വീസ് എന്നത്തേക്ക് ആരംഭിക്കുമെന്ന് അറിയി ക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് മറുപടി സമർപ്പിക്കുന്നതാണ്.

(ബി) കൊടുവള്ളി നിയോജകമണ്ഡലത്തിലേക്കുള്ള സർവ്വീസ് ആരംഭിച്ചു. കോഴിക്കോട് നിന്ന് കക്കോട്, കുമരസ്വാമി റോഡ്, എരവന്നൂർ വഴി നരിക്കുനിയിലുള്ള സർവ്വീസാണ് കൊടുവള്ളി എം.എൽ.എ.യുടെ നിർദ്ദേശപ്രകാരം ആരംഭിച്ചത്.

(സി) ചോദ്യം ഉദിക്കുന്നില്ല.

65 (3390) മാള ഡിപ്പോയിൽ നിന്നുള്ള ഷെഡ്യൂളുകൾ

ശ്രീ. യു.എസ്. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാ ഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോ യിൽ നിന്നും ഇപ്പോൾ ദിനംപ്രതി എത്ര സർവ്വീസുകൾ നടത്തുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) അവിടെ ഉണ്ടായിരുന്ന ഏതെല്ലാം സർവ്വീസുകൾ നിർത്തലാ ക്കിയെന്ന് വ്യക്തമാക്കുമോ;

(സി) നിർത്തലാക്കിയ സർവ്വീസുകൾ പുനരാരംഭിക്കാൻ ആവശ്യ മായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 29 ഷെഡ്യൂളുകൾ.

(ബി) സർവ്വീസുകൾ ഒന്നുംതന്നെ നിർത്തലാക്കിയിട്ടില്ല. എന്നാൽ ബസ്സുകളുടെയും ജീവനക്കാരുടെയും കുറവുമൂലം വരുമാനം കുറഞ്ഞ ചില സർവ്വീസുകൾ ചില ദിവസങ്ങളിൽ ഓപ്പറേറ്റ് ചെയ്യാറില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

66 (3391) ആലപ്പുഴയിൽ നിന്ന് വിവിധ സ്ഥലങ്ങളിലേക്ക് ബസ്സ് സർവ്വീസ്

ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly